# പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3577        12.12.2014-ലെ മറുപടിയ്ക്ക്**

**ഗ്രാമപഞ്ചായത്തുകളുടെ പെർഫോർമൻസ് ഗ്രാന്റിനുള്ള അർഹത**

| ചോദ്യം<br><br>ശ്രീ. എം.ഹംസ | | മറുപടി<br><br>ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യ നീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് നിലവിൽ എന്തെല്ലാം സംവിധാനങ്ങളാണുള്ളത് ; വിശദാംശം നൽകാമോ ; | (എ) | കെ.എൽ.ജി.എസ്.ഡി.പിയുടെ പെർഫോർമൻസ് ഗ്രാന്റ് 2013-14 മുതൽ നൽകുന്നത് വാർഷിക പ്രവർത്തന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലാണ്. പ്രസ്തുത വിലയിരുത്തൽ നടത്തുന്നതിനായി ഒരു ചോദ്യാവലി ഉണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിലുള്ള വിവരശേഖരം പ്രവർത്തനവിലയിരുത്തലിനു വേണ്ടിയുള്ള സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തി അർഹരായ ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. വിലയിരുത്തലിൽ പരാതിയുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് രണ്ട് തലത്തിലുള്ള അപ്പീലിനും സൗകര്യമുണ്ട്. |
| (ബി) | പ്രസ്തുത വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ എത്ര ഗ്രാമ പഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി; | (ബി) | 2013-14-ൽ 898 ഗ്രാമപഞ്ചായത്തുകൾ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടുകയുണ്ടായി. |
| (സി) | പാലക്കാട് ജില്ലയിൽ പെർഫോമൻസ് ഗ്രാന്റിന് അർഹത നേടിയ ഗ്രാമ പഞ്ചായത്തുകൾ ഏതെല്ലാം ; ഓരോ പഞ്ചായത്തിന്റെയും സ്കോർ വിവരം ലഭ്യമാക്കാമോ ; | (സി) | വിശദവിവരം അനുബന്ധം-1 ആയി ചേർക്കുന്നു. |
| (ഡി) | ഓരോ പഞ്ചായത്തിനും പെർഫോമൻസ് ഗ്രാന്റായി ലഭിച്ച തുകയുടെ വിശദാംശം നൽകാമോ ; | (ഡി) | വിശദവിവരം അനുബന്ധം-2 ആയി ചേർക്കുന്നു. |
| (ഇ) | പാലക്കാട് ജില്ലയിൽ മോശം പ്രകടനം നടത്തിയ ഗ്രാമപഞ്ചായത്തുകളുടെ പേരുവിവരം ലഭ്യമാക്കാമോ? | (ഇ) | വിശദവിവരം അനുബന്ധം-3 ആയി ചേർക്കുന്നു. അനുബന്ധം 3-ൽ നോട്ട് ക്ലിയേർഡ് ആയി രേഖപ്പെടുത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകൾ. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്